**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **16-09-2025 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-ഫോൺ മുഖേനയുള്ള ഇന്റർനെറ്റ് സംവിധാനം സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 30,272 കിലോമീറ്റർ ഫൈബർ ഒപ്റ്റിക് കേബിൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ സമഗ്ര മേഖലയിലേയ്ക്കും വ്യാപിപ്പിക്കുന്ന നടപടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ കെ-ഫോൺ മുഖേന നൽകി വരുന്നുണ്ട്. നിലവിൽ 14,194 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനോടകം 23,355 സർക്കാർ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. വാണിജ്യ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന 79,123 എഫ്.ടി.ടി.എച്ച് (ഫൈബർ ടു ദ ഹോം) കണക്ഷനുകൾ നിലവിൽ നൽകിയിട്ടുണ്ട്. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും, സ്മോൾ & മീഡിയം എന്റർപ്രൈസസുകൾക്കുമായി 220 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും 265 ബ്രോഡ്ബാൻഡ് കണക്ഷനുകളും നല്കാൻ സാധിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ ലഭ്യമാക്കാനും ഓൺലൈനായി അപേക്ഷിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ |

| | | | | |
|---|---|---|---|---|
| | | | | കാർഡുള്ളവർക്ക് സൗജന്യ കണക്ഷനായി അപേക്ഷിക്കാവുന്നതാണ്. ഓ.ടി.ടി. സേവനവും നിലവിൽ കെ-ഫോൺ നൽകുന്നുണ്ട്.<br><br>ആകെ 1,19,910 കണക്ഷനുകൾ ഇതുവരെ നൽകിക്കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്റർനെറ്റ് സേവനം ഉറപ്പ വരുത്തുന്നതിനായി കൂടുതൽ കണക്ഷനുകൾ നൽകികൊണ്ട് കെ-ഫോൺ പദ്ധതി മുന്നോട്ട് പോകുകയാണ്. |
| (ബി) | കെ-ഫോൺ മുഖേനയുള്ള സേവനത്തിന്റെ വിജയം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 30,272 കിലോമീറ്റർ ഫൈബർ ഒപ്റ്റിക് കേബിൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ സമഗ്ര മേഖലയിലേയ്ക്കും വ്യാപിപ്പിക്കുന്ന നടപടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ കെ-ഫോൺ മുഖേന നൽകി വരുന്നുണ്ട്. നിലവിൽ 14,194 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനോടകം 23,355 സർക്കാർ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. വാണിജ്യ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന 79,123 എഫ്.ടി.ടി.എച്ച് (ഫൈബർ ടു ദ ഹോം) കണക്ഷനുകൾ നിലവിൽ നൽകിയിട്ടുണ്ട്. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും, സ്മോൾ & മീഡിയം എന്റർപ്രൈസസുകൾക്കുമായി 220 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും 265 ബ്രോഡ്ബാൻഡ് കണക്ഷനുകളും നല്കാൻ സാധിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ ലഭ്യമാക്കാനും ഓൺലൈനായി അപേക്ഷിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ളവർക്ക് സൗജന്യ കണക്ഷനായി അപേക്ഷിക്കാവുന്നതാണ്. ഓ.ടി.ടി. സേവനവും നിലവിൽ കെ-ഫോൺ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആകെ 1,19,910 കണക്ഷനുകൾ ഇതുവരെ നൽകിക്കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്റർനെറ്റ് സേവനം ഉറപ്പു വരുത്തുന്നതിനായി കൂടുതൽ കണക്ഷനുകൾ നൽകികൊണ്ട് കെ-ഫോൺ പദ്ധതി മുന്നോട്ട് പോകുകയാണ്. |
| (സി) | ആദിവാസി മേഖലകളിൽ കെ-ഫോൺ ലഭ്യമാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (സി) | ആദിവാസി മേഖലയിലെ കുടുംബങ്ങൾക്കായി സൗജന്യമായി കെ-ഫോൺ ഇന്റർനെറ്റ് നൽകിവരുന്നുണ്ട്. ഇപ്രകാരം തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ 103 കുടുംബങ്ങൾക്കും പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 396 കുടുംബങ്ങൾക്കും ഇതിനോടകം ഇന്റർനെറ്റ് കണക്ഷൻ നല്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ആദിവാസി മേഖലകളിലെ കെ-ഫോൺ സേവന ലഭ്യതയ്ക്ക് കണക്കാക്കിയിട്ടുള്ള ചെലവ് എത്രയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഫണ്ട് സ്രോതസ്സ് വ്യക്തമാക്കാമോ? | (ഡി) | കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് പ്രയോജനപ്പെടുത്തിയാണ് ആദിവാസി മേഖലകളിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകി വരുന്നത്. ചെലവ് കണക്കാക്കുന്നതിനുള്ള സർവേ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ